"ഭരണ ഭാഷ - മാതൃഭാഷ"
**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
CIN :U40100KL2011SGC027424
വെബ് സൈറ്റ് : www.kseb.in
ടെലഫോൺ നംമ്പർ : +91 471 2514315, 2514437, 2514340
ഫാക്സ് : 0471 2514262, ഇമെയിൽ : sorkseb@kseb.in

## സംഗ്രഹം

കേരളാ വാട്ടർ അതോറിട്ടി – ആരക്കുഴ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് – മീറ്റർ ഫാൾട്ടി പെനാൽറ്റി ഒഴിവാക്കുന്നത് - സംബന്ധിച്ചുള്ള - ഉത്തരവ്.

### കോർപ്പറേറ്റ് ഓഫീസ് (സ്പെഷ്യൽ ആഫീസർ (റവന്യൂ)

ബി.ഒ (എഫ്.റ്റി.ഡി.) നമ്പർ 644/2020 (എസ്.ഒ.ആർ/ജി.സി.ബി/3/8/2020 )

തീയതി, തിരുവനന്തപുരം, 20.10.2020.

പരാമർശം:-

(1) പെരുമ്പാവൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ECP/T2/HT/SOR-KWA Arakkuzha/2020-21/1075 തീയതി 10.0.2020ലെ നമ്പർ എസ്.ഒ.ആർ.നുള്ള കത്ത്.

(2) കേരളാ വാട്ടർ അതോറിട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് സബ് ഡിവിഷൻ, മുവാറ്റുപുഴ പെരുമ്പാവൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് 30.06.2020ൽ എ1-824/04 വാല്യം-IV ആയി നൽകിയ കത്ത്.

(3) പി.എച്ച് സബ് ഡിവിഷൻ (കേരളാ വാട്ടർ അതോറിട്ടി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പെരുമ്പാവൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 06.04.2020ൽ എ1-824/04 വാല്യം-IV ആയി നൽകിയ കത്ത്.

(4) സ്പെഷ്യൽ ഓഫീസർ (റവന്യൂ)ന്റെ എസ്.ഒ.ആർ/ജി.സി.ബി/3/8/2020 തീയതി 25.09.2020ന് ഡയറക്ടർ (ഫിനാൻസ്)ക്ക് സമർപ്പിച്ച കുറിപ്പ്.

(5) സ്പെഷ്യൽ ഓഫീസർ (റവന്യൂ)ന്റെ എസ്.ഒ.ആർ/ജി.സി.ബി/3/8/2020 തീയതി 30.09.2020ലെ ഫുൾടൈം ഡയറക്ടേർമാർക്ക് സമർപ്പിച്ച കുറിപ്പ് (അജണ്ട ഐറ്റം 16/10/20).

## ഉത്തരവ്

മുവാറ്റുപുഴ ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് പരിധിയിൽ എൽ.സി.എൻ 12/3847 ആയുള്ള ആരക്കുഴ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ സി.റ്റി., പി.റ്റി. മീറ്റർ 04.02.2020ൽ കേടായതായി കണ്ടെത്തുകയും തുടർന്ന് 14.02.2020ൽ ഇക്കാര്യം കേരളാ വാട്ടർ അതോറിട്ടി അധികൃതരെ രേഖാമൂലം അറിയിക്കുകയും ഉണ്ടായി. എന്നാൽ 60 ദിവസത്തിനുള്ളിൽ (15.04.2020) മീറ്റർ മാറ്റി സ്ഥാപിക്കാത്തതിനാൽ താരിഫ് പരിഷ്കരണ ഉത്തരവ് രണ്ടാം ഭാഗം എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്കുള്ള പൊതു നിബന്ധന 4(d) പ്രകാരം ഏപ്രിൽ മാസത്തെ ബില്ലിൽ മീറ്റർ ഫാൾട്ടി പെനാൽറ്റിയായി 11,41,262/- രൂപ പിഴ ചുമത്തുകയുണ്ടായി.

മേൽ സൂചന (2) പ്രകാരം പെരുമ്പാവൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നല്കിയ കത്ത് പ്രകാരം മീറ്റർ കേടാണെന്ന് കെ.എസ്.ഇ.ബി. അറിയിച്ചതിനെ തുടർന്ന് അടിയന്തിര പ്രാധാന്യത്തോടു കൂടിത്തന്നെ സി.റ്റി., പി.റ്റി. മാറുന്നതിനുള്ള വർക്ക് ഓർഡർ നല്കിയിരുന്നുവെങ്കിലും കോവിഡ് 19 വ്യാപനത്തെ തുടർന്നുള്ള അപ്രഖ്യാപിത ലോക്ക് ഡൗൺ കാലയളവിൽ മീറ്ററിംഗ് സെറ്റ് നിർമ്മിക്കുന്ന കമ്പനി പ്രവർത്തിക്കാതിരുന്നതിനാൽ സി.റ്റി., പി.റ്റി. യൂണിറ്റ് ലഭിക്കുവാൻ കാലതാമസം ഉണ്ടായി എന്ന് മേൽ സൂചന കത്ത് (2) പ്രകാരം കേരളാ വാട്ടർ അതോറിട്ടി കെ.എസ്.ഇ.ബി.എൽ.നെ അറിയിക്കുകയും തുടർന്ന് 24.07.2020 മീറ്റർ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മീറ്റർ ഫാൾട്ടി പെനാൽറ്റി ഇനത്തിൽ ചുമത്തപ്പെട്ട 11,41,262/-രൂപ ഒഴിവാക്കി നല്കുവാനും ആവശ്യപ്പെട്ടിരിക്കുന്നു.

വിഷയം മേൽ സൂചന (5) പ്രകാരം ഫുൾ ടൈം ഡയറക്ടറന്മാരുടെ പരിഗണനയ്ക്കായി സമർപ്പിച്ചു. 09.10.2020ന് ചേർന്ന ഫുൾ ടൈം ഡയറക്ടറന്മാരുടെ മീറ്റിംഗിൽ കേരളാ വാട്ടർ അതോറിട്ടി ഒരു ഗവൺമെൻറ് പൊതുമേഖലാ സ്ഥാപനമാകയാലും കോവിഡ്-19 സാഹചര്യങ്ങളാലുള്ള കാലതാമസമാണ് മീറ്റർ മാറ്റിവയ്ക്കുന്നതിൽ വന്നിട്ടുള്ളതെന്നതിനാലും 24.07.2020ൽ മീറ്റർ മാറ്റിവച്ചത് പരിഗണിച്ചുകൊണ്ടും കേരളാ വാട്ടർ അതോറിട്ടി ആരക്കുഴ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മീറ്റർ ഫാൾട്ടി പെനാൽറ്റി ഇനത്തിൽ ചുമത്തപ്പെട്ട 11,41,262/- രൂപ (പതിനൊന്നു ലക്ഷത്തി നാൽപ്പത്തി ഒരായിരത്തി ഇരുന്നൂറ്റി അറുപത്തിരണ്ട് രൂപ) ഒഴിവാക്കണമെന്ന ഉപഭോക്താവിന്റെ ആവശ്യം പരിഗണിക്കാൻ അനുമതി നല്കി.

ഇപ്രകാരം ഉത്തരവാകുന്നു.

**ഫുൾ ടൈം ഡയറക്ടേഴ്സിൻെറ ആജ്ഞാനുസരണം**

ഒപ്പ്/-

**ലേഖ. ജി.,**

**കമ്പനി സെക്രട്ടറി (ഇൻ-ചാർജ്ജ്)**

സ്വീകർത്താവ്:-

കേരളാ വാട്ടർ അതോറിട്ടി ആരക്കുഴ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

പകർപ്പ്:-

1. ഫിനാൻസ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ആഡിറ്റർ.
2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, പെരുമ്പാവൂർ.
3. ടി.എ. റ്റു ചെയർമാൻ ആന്റ് മാനേജിങ് ഡയറക്ടർ /ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി. & എച്ച്. ആർ.എം.) / ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷന് & റീസ്) / ഡയറക്ടർ (ജനറേഷൻ - ഇലക്ട്രിക്കൽ) / ഡയറക്ടർ (ജനറേഷൻ - സിവിൽ) / ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി).
4. പി.എ. റ്റു ഡയറക്ടർ (ഫിനാൻസ്) / സി.എ. റ്റു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ).
5. സ്പെഷ്യൽ ഓഫീസർ (റവന്യൂ).
6. ഫയൽ/ കരുതൽ ഫയൽ.